LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാൻസർ രോഗനിർണ്ണയ, ചികിത്സാ സൗകര്യങ്ങൾ

59 (4343) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും പര്യാപ്തമായ സൗകര്യങ്ങൾ മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ ക്യാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഒരു ജില്ലയിൽ ഒരു കേന്ദ്രം എന്ന രീതിയിൽ ജില്ലാ കാൻസർ കെയർ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ജനറൽ ആശുപത്രിയിലാണ് പ്രസ്തുത കേന്ദ്രം ആരംഭിച്ചിരിക്കുന്നത്. ഇതിനായി ഒരു ഡോക്ടർക്കും രണ്ട് നഴ്സുമാർക്കും വിദഗ്ധ പരിശീലനം നൽകുകയും അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുകയും ചെയ്തു.

ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ സി.എച്ച്.സി.-കൾ

60 (4344) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ എത്ര സി.എച്ച്.സി. കൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അമ്പലപ്പാറ സി.എച്ച്.സി.-യെ കുട്ടികളുടെയും അമ്മമാരുടെയും ആശുപത്രിയായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ 2 സി.എച്ച്.സി.-കൾ പ്രവർത്തിക്കുന്നു.

(ബി) പാലക്കാട് ജില്ലയിൽ അമ്പലപ്പാറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽനിന്നും 35 കി.മീ. മാത്രം ദൂരത്തിൽ അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രി സ്ഥിതി ചെയ്യുന്നുണ്ട്. എല്ലാ ജില്ലയിലും അമ്മമാരുടെയും കുട്ടികളുടെയും ഓരോ ആശുപത്രിവീതം സ്ഥാപിക്കുക എന്നതാണ് സർക്കാരിന്റെ നിലവിലെ പ്രഖ്യാപിത ലക്ഷ്യം.